# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 102 28.05.2019-ൽ മറുപടിയ്ക്ക്

### ലോകകേരളസഭ - പശ്ചിമേഷ്യ മേഖലാസമ്മേളനം

| ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| എ) | ലോകകേരളസഭയുടെ പശ്ചിമേഷ്യ മേഖലാസമ്മേളനം ദുബായിൽ ചേർന്നിരുന്നോ; | എ) | ചേർന്നിരുന്നു. |
| ബി) | എങ്കിൽ എത്ര പ്രതിനിധികളാണ് പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തത്; | ബി) | പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ വിവിധ രാജ്യങ്ങളിൽ നിന്നുള്ള 64 ലോക കേരള സഭാംഗങ്ങളും 10 പ്രത്യേക ക്ഷണിതാക്കളുമായി 74 പ്രതിനിധികൾ പങ്കെടുത്തിരുന്നു. ഇവരെക്കൂടാതെ 291 ക്ഷണിതാക്കളും പങ്കെടുത്തു. |
| സി) | ഏതൊക്കെ കാര്യങ്ങളിലാണ് പ്രസ്തുത സമ്മേളനം ചർച്ച ചെയ്ത് തീരുമാനം എടുത്തത്; ഈ യോഗത്തിനായി എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ? | സി) | ദുബായിൽ നടന്ന പശ്ചിമേഷ്യൻ മേഖലാ സമ്മേളനത്തിൽ ലോക കേരള സഭയുടെ ഏഴ് വിഷയ മേഖലാ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർ സമർപ്പിച്ച ശിപാർശകൾ വിശദമായി ചർച്ച ചെയ്യുകയും ഇതിൽ ലോക കേരള സഭ സെക്രട്ടറിയേറ്റ് താഴെക്കാണുന്ന 10 ശിപാർശകൾ അവതരിപ്പിക്കുകയും ചെയ്തു. ഇതിൻമേലുള്ള ചർച്ചകളാണ് പ്രധാനമായും നടന്നത്. |

| | | | |
|---|---|---|---|
| | | | 1. വിവിധ മേഖലകളിൽ ഇൻവെസ്റ്റ്മെന്റ് നടത്തുന്നതിന് വേണ്ടിയുള്ള ഒരു എൻ.ആർ.ഐ. ഇൻവെസ്റ്റ്മെന്റ് കമ്പനി.<br>2. എൻ.ആർ.ഐ. കോ-ഓപ്പറേറ്റീവ് സൊസൈറ്റി.<br>3. എൻ.ആർ.ഐ. ബാങ്ക്.<br>4. വൃദ്ധ സദനങ്ങൾ, ഭവന പദ്ധതികൾ, റോഡ്/ബിൽഡിംഗ് കൺസ്ട്രക്ഷൻ എന്നീ പദ്ധതികൾക്കായി എൻ.ആർ.ഐ. കൺസ്ട്രക്ഷൻ കമ്പനി.<br>5. നോർക്ക റൂട്ട്സിൽ വനിത എൻ.ആർ.ഐ. സെൽ.<br>6. വിദേശ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന വനിതകളോടുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് വേണ്ടി എയർപ്പോർട്ടുകളിൽ migration facilitation centre, പാസ്പോർട്ട് ഓഫീസുകളിൽ pre embankment Orientation centres.<br>7. നൈപുണ്യം മെച്ചപ്പെടുത്തുക, ഉന്നത വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുക, സ്കിൽ ഡവലപ്മെന്റ് സെന്റർ സ്ഥാപിക്കുക, വിദേശ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിക്കുക, വിദേശ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ആശയവിനിമയം നടത്തുന്നതിന് student exchange programme സംഘടിപ്പിക്കുക എന്നീ വിഷയങ്ങളിൻമേൽ പഠനം നടത്തുന്നതിന് വേണ്ടി ഹൈ പവർ കമ്മിറ്റിയുടെ രൂപീകരണം.<br>8. കുടിയേറ്റ പഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് International Migration Centre രൂപീകരിക്കുക.<br>9. മേഖലാ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | | | എൻ.ആർ.ഐ. യൂത്ത് ഫെസ്റ്റിവൽ നടത്തുക.<br>10. പ്രവാസികളുടെ സാഹിത്യ സൃഷ്ടികൾക്കായി ഒരു പ്രസിദ്ധീകരണം ആരംഭിക്കുക.<br><br>പ്രസ്തുത സമ്മേളനത്തിനായി ആകെ 18,40,670/- രൂപ ചെലവായിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**